Established by C.V. Kunjuraman as a Periodical in 1911

# സംസ്ഥാന പോളിടെക്നിക് കലോത്സവം



അച്ചൂസ് (മോണോആക്ട് - ഒന്നാംസ്ഥാനം, കണ്ണൂർ), ആൻസി (മോണോആക്ട് - രണ്ടാംസ്ഥാനം, തൃശൂർ), അസരിബ് അലി (മോണോആക്ട് - രണ്ടാംസ്ഥാനം, തൃശൂർ), ശില്പ (അക്ഷരശ്ലോകം - ഒന്നാംസ്ഥാനം, തൃശൂർ), രൂപ (അക്ഷരശ്ലോകം - രണ്ടാംസ്ഥാനം, കുന്നംകുളം), അജയ് (ലളിതഗാനം-ഒന്നാംസ്ഥാനം, കുന്നംകുളം), വിനിൽ (ഫാൻസിഡ്രസ് - രണ്ടാംസ്ഥാനം, തൃശൂർ), ദൃശ്യ (കഥാപ്രസംഗം-മേപ്പാട്).

## മേളാചാര്യൻ മഠത്തിൽ ഗോപാലമാരാർ നിര്യാതനായി



ഇരിങ്ങാലക്കുട: പഞ്ചാരിയുടെയും പാണ്ടിയുടെയും അമരക്കാരൻ മേളാചാര്യൻ മഠത്തിൽ ഗോപാലമാരാർ (85) താണിശ്ശേരിയിലെ വസതിയിൽ നിര്യാതനായി. പെരുവനം അപ്പുമാരാർ വാദ്യകലാപീഠത്തിന്റെ പെരുവനം അപ്പുമാരാർ പുരസ്കാരം ഗോപാലമാരാർക്ക് സമർപ്പിക്കാനിരിക്കെയായിരുന്നു അന്ത്യം.

മാപ്രാണം മാടായിക്കോണം മഠത്തിൽ മാരാത്ത് കുഞ്ചിയമ്മയുടെയും കോക്കാട്ട് മാരാത്ത് അച്യുതമാരാരുടെയും മകനായി 1925 ലാണ് ജനനം. 15-ാം വയസിലാണ് മാങ്ങാട്ടുകര ക്ഷേത്രത്തിൽ അരങ്ങേറ്റം നടത്തി ഗോപാലമാരാർ കലാരംഗത്തേയ്ക്ക് പ്രവേശിച്ചു. പല്ലാവൂർ അപ്പുമാരാരുടെ കീഴിൽ പാറമേക്കാവ് ഇലഞ്ഞിത്തറ മേളത്തിൽ സഹപ്രമാണിയായി പേരെടുത്തു. ഇരിങ്ങാലക്കുട കൂടൽമാണിക്യം ക്ഷേത്രത്തിലും കൊടുങ്ങല്ലൂർ ഭഗവതി ക്ഷേത്രത്തിലും 60 വർഷവും തൃശൂർ പാറമേക്കാവ്, ആറാട്ടുപുഴ ക്ഷേത്രങ്ങളിൽ 45 വർഷക്കാലവും ചക്കംക്കുളം, തൃപ്രയാർ ക്ഷേത്രങ്ങളിൽ 35 വർഷക്കാലവും മേളപ്രമാണിയായിരുന്നു. സംഗീതനാടക അക്കാഡമി അവാർഡും തൃശൂർ പാറമേക്കാവ്, ഇരിങ്ങാലക്കുട കൂടൽമാണിക്യം, ആറാട്ടുപുഴ, തൃപ്രയാർ ശ്രീരാമ ക്ഷേത്രം, നടവരമ്പ് തൃപ്പയ്യ, കൊടുങ്ങല്ലൂർ ഭഗവതി ക്ഷേത്രം എന്നിവിടങ്ങളിൽ നിന്ന് സുവർണമുദ്രകളും പുരസ്കാരങ്ങളും ലഭിച്ചിട്ടുണ്ട്.

ഭാര്യ: മുപ്ളി മാറഞ്ചേരി സീതമ്മ. മക്കൾ: സരസ്വതി, സൗദാമിനി, ഉണ്ണികൃഷ്ണൻ (മുംബയ്), ലീല(നാസിക്ക്), ഷീല, ഗീത, ഗിരിജ. മരുമക്കൾ; കുട്ടൻ, കേളത്ത് പ്രഭാകരൻ, ജ്യോതി, രവീന്ദ്രൻ, മുരളീധരൻ, രാമചന്ദ്രൻ, ശിവരാമൻ.

## അഡ്വ. സന്തോഷിനും അനൂപിനും 'ഗുരുരത്ന' പുരസ്കാരം



സന്തോഷ് കുമാർ



അനൂപ്

ആലുവ: ശ്രീനാരായണ എംപ്ളോയീസ് വെൽഫെയർ ഫോറത്തിന്റെ പ്രഥമ 'ഗുരുരത്ന' അവാർഡുകൾ പ്രഖ്യാപിച്ചു. എസ്.എൻ.ഡി. പി യോഗത്തിന് കീഴിലെ മികച്ച പ്രവർത്തകനുള്ള അവാർഡ് മീനച്ചിൽ യൂണിയൻ സെക്രട്ടറിയും തൊടുപുഴ യൂണിയൻ അഡ്മിനിസ്ട്രേറ്ററുമായ അഡ്വ. കെ.എം. സന്തോഷ് കുമാറിനും മികച്ച സാമൂഹ്യ പ്രവർത്തകനുള്ള അവാർഡ് സിനിമ നിർമ്മാതാവ് എ.വി. അനൂപിനും നൽകും.

സന്തോഷിന്റെ പിതൃസഹോദരനാണ് ഗുരുദേവന്റെ റിക്ഷ വലിക്കാൻ ഭാഗ്യം ലഭിച്ച മാധവാനന്ദ സ്വാമി.

എ.വി. അനൂപ് ശ്രീനാരായണ ഗുരുദേവന്റെ ജീവിതത്തെ ആസ്പദമാക്കി നിർമ്മിച്ച 'യുഗപുരുഷൻ' എന്ന ചിത്രത്തിന്റെ നിർമ്മാതാവാണ്.

# ജെ. എസ്. എസിന്റെ നിർണായക യോഗം ഇന്ന്

തിരുവനന്തപുരം: യു.ഡി.എഫ് വിട്ടുപോകണമോ അതോ അവർ തരുന്ന സീറ്റ് സ്വീകരിച്ച് യു.ഡി.എഫിൽ നിൽക്കണമോ എന്ന് ഇന്ന് നടക്കുന്ന നിർണായക യോഗത്തിൽ ജെ.എസ്.എസ്. തീരുമാനിക്കും. യു.ഡി.എഫ് ബന്ധം അവസാനിപ്പിക്കാൻ ഗൗരി അമ്മ തീരുമാനിച്ചാൽ പാർട്ടി പിളരും.

ജെ.എസ്.എസിനെ ഘടകകക്ഷിയായി സ്വീകരിക്കാനാവില്ലെന്ന് സി.പി.എം വൃത്തങ്ങൾ വ്യക്തമാക്കി. ഗൗരിഅമ്മയ്ക്ക് സി.പി.എമ്മിലേക്ക് മടങ്ങണമെങ്കിൽ എപ്പോൾ വേണമെങ്കിലും ആവാം. മറ്റുള്ളവരുടെ കാര്യത്തിൽ ഓരോരുത്തരുടെയും ഗുണഗണങ്ങൾ നോക്കിയേ സ്വീകരിക്കാനാവൂ എന്ന് ഒരു ഉന്നത സി.പി.എം നേതാവ് 'കേരളകൗമുദി'യോട് പറഞ്ഞു. അതായത്, ഗൗരിഅമ്മയോടൊപ്പം നിൽക്കുന്ന ആരെയും സി.പി.എമ്മിലേക്ക് സ്വീകരിക്കാനാവില്ലെന്ന് അർത്ഥം.

ഐ.എൻ.എല്ലുമായി മുമ്പ് ഇടതുമുന്നണി ഉണ്ടാക്കിയ ധാരണപോലെ ഒന്നോ രണ്ടോ സീറ്റുകളിൽ ജെ.എസ്.എസുമായി ധാരണ ഉണ്ടാക്കാവുന്നതാണെന്നും ഇടതുമുന്നണി വൃത്തങ്ങൾ വെളിപ്പെടുത്തിയിട്ടുണ്ട്. ഇതും ജെ.എസ്.എസിന് സ്വീകാര്യമാവാൻ വഴിയില്ല.

ജെ. എസ്. എസിൽ ഇപ്പോൾ തന്നെ ഭിന്നിപ്പ് രൂക്ഷമാണ്. പാർട്ടി പ്രസിഡന്റ് എ.എൻ. രാജൻബാബുവിനുവേണ്ടി കരുനാഗപ്പള്ളി സീറ്റ് വേണമെന്ന് ഗൗരിഅമ്മ നേരത്തേ ആവശ്യപ്പെട്ടിരുന്നെങ്കിലും അതിന് പകരം ചാത്തന്നൂർ മതിയെന്ന് അവർ ഇന്നലെ ഉഭയകക്ഷി ചർച്ചയിൽ രേഖാമൂലം ആവശ്യപ്പെട്ടത് കോൺഗ്രസിനെ ഞെട്ടിച്ചു. അഡ്വ. വി.എച്ച്. സത്ജിത്തിനു വേണ്ടിയായിരുന്നു ചാത്തന്നൂർ ചോദിച്ചത്. എന്നാൽ, സി.വി. പത്മരാജൻ അടക്കമുള്ള കോൺഗ്രസ് നേതാക്കൾ മത്സരിച്ചുപോരുന്ന ചാത്തന്നൂർ വിട്ടുകൊടുക്കാനാവില്ലെന്ന് കോൺഗ്രസ് നേതൃത്വം വ്യക്തമാക്കി. അഡ്വ. ഷൈനിനുവേണ്ടി ചോദിച്ച തിരുവനന്തപുരവും നൽകാനാവില്ലെന്ന് കോൺഗ്രസ് നിലപാടെടുത്തു.

ജെ.എസ്.എസ് മുമ്പ് ജയിച്ചിട്ടുള്ളതാണ് കൊടുങ്ങല്ലൂരെങ്കിലും മണ്ഡല പുനർനിർണയം കഴിഞ്ഞപ്പോൾ ആ മണ്ഡലത്തിന്റെ രണ്ടു പഞ്ചായത്തുകൾ ഒഴികെയുള്ള ഭാഗങ്ങൾ കയ്പമംഗലം മണ്ഡലത്തിലാണെന്ന് ചൂണ്ടിക്കാട്ടിയാണ് കോൺഗ്രസ് ആ മണ്ഡലം അനുവദിച്ചത്. ഇപ്പോഴത്തെ കൊടുങ്ങല്ലൂർ പഴയ മാള ഉൾപ്പെട്ടതാണ്. അതിനാൽ അത് നൽകാനാവില്ലെന്നും കോൺഗ്രസ് പറഞ്ഞു.

### അരി: ഉമ്മൻചാണ്ടിയുടെ ആരോപണം തെറ്റെന്ന് സി.കെ. ചന്ദ്രപ്പൻ

തിരുവനന്തപുരം: എ.പി.എൽ വിഭാഗത്തിനു കേന്ദ്രസർക്കാർ മാർച്ചിൽ അനുവദിച്ച 36056 ടൺ അരിയിൽ 5836 ൺ മാത്രമേ സംസ്ഥാനം എടുത്തുള്ളൂ എന്ന ഉമ്മൻ ചാണ്ടിയുടെ ആരോപണം വസ്തുതാവിരുദ്ധമാണെന്ന് സി.പി.ഐ സംസ്ഥാന സെക്രട്ടറി സി.കെ. ചന്ദ്രപ്പൻ പറഞ്ഞു.

Vol. No. 101 Issue No. 71 R.No. 3052/57 (R.No. KL/TV(N) 72/2009-11) Printed and Published by M.S. Ravi from Kaumudi Buildings, Trivandrum-695 024 on behalf of Kerala Kaumudi (Pvt.) Ltd. and printed at Ravi Printers & Publishers (P) Ltd., Trivandrum. Phone: 2461010, 2461050, 3941050, Fax: 3078979 e-mail: news @ keralakaumudi.com Editor: M.S. Madhusoodanan. Managing Editor: Deepu Ravi. (Responsible for selection of news under the PRB Act) Editor-in-Chief: M.S. Mani